## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2175 — 01.02.2018 ൽ മറുപടിയ്ക്ക്

## മാർക്കറ്റ് ഇന്റർവെൻഷൻ ഓപ്പറേഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.ഉമ്മർ | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) നിത്യോപയോഗ സാധനങ്ങൾക്ക് അതിരൂക്ഷമായ വിലക്കയറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാമ്പത്തിക സ്ഥിതി വിവര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദാംശം നൽകുമോ; | (എ) | അരിയുടെയും ഏതാനും നിത്യോപയോഗ സാധനങ്ങളുടെയും പൊതുവിപണിയിലെ വില നേരിയ തോതിൽ വർദ്ധിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് മുൻസർക്കാർ സ്വീകരിച്ച നടപടികളിൽ നിന്നും വ്യത്യസ്തമായ എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കാമോ ; | (ബി) | സബ്സിഡി നിരക്കിൽ വിൽക്കുന്ന 14 ഇനം അവശ്യ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി 2016-17 സാമ്പത്തിക വർഷത്തിൽ 200 കോടി രൂപ അനുവദിക്കുകയും, 2017-18 സാമ്പത്തിക വർഷത്തിൽ 200 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാർക്കറ്റ് ഇന്റർവെൻഷൻ ഓപ്പറേഷനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതു ജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നീ "ശബരി" ബ്രാൻഡ് ഉൽപ്പന്നങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 |

ശതമാനം വരെ വിലക്കുറവിലും, 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ FMCG (Fast Moving Consumer Goods) സാധനങ്ങളും സപ്ലൈകോ വിൽപ്പനശാലകളിലൂടെ ലഭ്യമാക്കി വരുന്നു. അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ആന്ധ്രയിൽ നിന്നും നേരിട്ട് ജയ അരി സംഭരിച്ച് കിലോഗ്രാമിന് 25 രൂപ നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 200 കോടി രൂപ അനുവദിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ 200 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിൽ വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ച് നിർത്തുന്നതിന് സാധിക്കുകയും കൂടുതൽ വിൽപ്പന ശാലകൾ ആരംഭിച്ചും നിലവിലുള്ള വിൽപ്പനശാലകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും സപ്ലൈകോയുടെ സേവനം കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ഇനം | 01/04/2016 ലെ പൊതു വിപണി വില (per Kg) | 25/05/2016 ലെ പൊതു വിപണി വില (per Kg) | 01/07/2016 ലെ പൊതു വിപണി വില (per Kg) | 01/10/2016 ലെ പൊതു വിപണി വില (per Kg) | 01/01/2017 ലെ പൊതു വിപണി വില (per Kg) | 01/04/2017 ലെ പൊതു വിപണി വില (per Kg) | 01/07/2017 ലെ പൊതു വിപണി വില (per Kg) | 01/10/2017 ലെ പൊതു വിപണി വില (per Kg) | 23/01/2018 ലെ പൊതു വിപണി വില (per Kg) |
|---|---|---|---|---|---|---|---|---|---|---|
| 1 | ചെറുപയർ | 106.62 | 107.50 | 102.93 | 86.64 | 83.69 | 83.79 | 82.93 | 85.57 | 85.29 |
| 2 | ഉഴുന്ന് ബോൾ | 152.62 | 180.93 | 174.79 | 140.57 | 125.00 | 107.29 | 101.50 | 95.57 | 84.07 |
| 3 | വൻകടല | 74.25 | 83.85 | 90.23 | 114.08 | 131.54 | 99.14 | 96.43 | 97.64 | 88.07 |
| 4 | വൻപയർ | 63.08 | 68.07 | 76.79 | 81.93 | 77.62 | 76.79 | 77.00 | 77.50 | 71.50 |
| 5 | തുവര പരിപ്പ് | 141.23 | 151.36 | 151.43 | 133.71 | 124.54 | 93.36 | 87.21 | 85.43 | 84.57 |
| 6 | മുളക് | 163.00 | 161.64 | 167.36 | 158.71 | 132.08 | 96.71 | 83.93 | 88.86 | 90.50 |
| 7 | മല്ലി | 113.85 | 115.36 | 113.57 | 115.21 | 111.00 | 100.57 | 97.29 | 89.50 | 99.79 |
| 8 | പഞ്ചസാര | 38.35 | 39.79 | 39.29 | 39.89 | 40.50 | 44.04 | 42.89 | 43.29 | 39.00 |
| 9 | ജയ അരി | 30.00 | 30.00 | 32.00 | 33.67 | 38.00 | 45.33 | 41.33 | 41.67 | 40.00 |
| 10 | കുറുവ അരി | 30.00 | 30.00 | 30.00 | 31.00 | 36.00 | 36.00 | 39.50 | 39.50 | 40.00 |
| 11 | മട്ട അരി | 33.38 | 33.86 | 34.93 | 35.36 | 37.88 | 41.61 | 42.93 | 43.86 | 41.79 |
| 12 | പച്ചരി | 27.33 | 28.33 | 31.00 | 30.67 | 32.67 | 32.67 | 33.67 | 34.67 | 34.00 |
| 13 | ആന്ധ്ര ഇതര ജയ അരി* | - | - | - | - | - | - | 36.00 | 36.00 | 36.00 |
| 14 | വെളിച്ചെണ്ണ | 124.85 | 114.50 | 110.00 | 125.36 | 134.38 | 159.64 | 163.23 | 186.21 | 240.69 |